I/674418/2024

"ഭരണഭാഷ – മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്

(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,

തിരുവനന്തപുരം

നമ്പർ:ഡിറ്റി/5117/2022- എ5 തീയതി: 06-02-2024

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം- ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2021-2023) സർക്കാർ ഓഫീസുകളുടെയും വാഹനങ്ങളുടെയും ബോർഡുകൾ, ഔദ്യോഗിക സീലുകൾ വിവിധ ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഫോറങ്ങൾ, രസീതുകൾ, രജിസ്റ്ററുകൾ എന്നിവ പൂർണ്ണമായും മലയാളത്തിലാക്കുന്നത്- സംബന്ധിച്ച്.

സൂചന:-

1. 19.06.2023 ലെ ഇതേ നമ്പർ ചുറ്ററിയിപ്പ്.
2. ഒ.എൽ3/67/2022/പി & എആർഡി നമ്പരായ 03.05.2053, 08.09.2023 എന്നീ തീയതികളിലെ സർക്കാർ കത്തുകൾ.

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ആയത് പ്രകാരം സർക്കാർ ഓഫീസുകളുടെയും വാഹനങ്ങളുടെയും ബോർഡുകൾ, ഔദ്യോഗിക സീലുകൾ വിവിധ ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഫോറങ്ങൾ, രസീതുകൾ, രജിസ്റ്ററുകൾ എന്നിവ പൂർണ്ണമായും മലയാളത്തിലാക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും, ഇല്ലെങ്കിൽ അത് എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും നിയമസഭ ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23) ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഓഫീസുകളുടെയും വാഹനങ്ങളുടെയും ബോർഡുകൾ, ഔദ്യോഗിക സീലുകൾ വിവിധ ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഫോറങ്ങൾ, രസീതുകൾ, രജിസ്റ്ററുകൾ എന്നിവ പൂർണ്ണമായും മലയാളത്തിലാക്കുന്ന നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ലയെങ്കിൽ ആയത് അടിയന്തിരമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് എല്ലാ സ്ഥാപനങ്ങളും സമർപ്പിക്കുന്നതിന് സൂചന (1) പ്രകാരം അറിയിപ്പ് നൽകിയിരുന്നു. എന്നാൽ ആയത് നാളിതുവരെ ലഭിച്ചതായി കാണുന്നില്ല. ആയതിനാൽ മേൽ റിപ്പോർട്ട് 10.02.2024 ന് മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

അഡീഷണൽ ഡയറക്ടർ

സ്വീകർത്താവ് : എല്ലാ സ്ഥാപന മേധാവികൾക്കും (വകുപ്പ് വെബ്സൈറ്റ് മുഖേന).

പകർപ്പ് : ആസ്ഥാന കാര്യാലയത്തിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും (ടി വിഷയത്തിൽ സെക്ഷനുമായി ബന്ധപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി.)

Signed by Meneksh Prasad D
Date: 06-02-2024 14:06:34
Reason: Approved